അടഞ്ഞുകിടക്കുകയാണ്. 10 ഏക്കറിനകത്ത് ഒരു ഫ്ളാറ്റ് നിർമ്മിച്ചിട്ട് ബാക്കിയുള്ള സ്ഥലം വികസനത്തിനായി എടുക്കാൻ കഴിയും. ഉപയോഗിക്കാത്ത ഒരുപാട് സ്ഥലം കാട് കയറി കിടക്കുന്നു. പാവപ്പെട്ടവരെ ഉപദ്രവിച്ചുകൊണ്ടുള്ള ഒരു വികസന പ്രവർത്തനമാണിത്. യഥാർത്ഥത്തിൽ ഇപ്പോൾ സ്ഥലത്തിന്റെ ആവശ്യമില്ല. ആരാണ് ചോദിച്ചിരിക്കുന്നത്, എന്താണ് ചോദിക്കുന്നത്, ഇതിന് എവിടെയാണ് ഫണ്ട് എന്നതിനെക്കുറിച്ചൊന്നും യാതൊരു രേഖയുമില്ല. ഈ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഒരു മനുഷ്യകാരുണ്യ പ്രവർത്തനമായി കണ്ടുകൊണ്ട് ബഹുമാനപ്പെട്ട സർക്കാർ അത് ഒഴിവാക്കിക്കൊടുക്കണം. ആവശ്യം എന്നുതോന്നുകയാണെങ്കിൽ അടിയന്തരമായി എടുക്കണം. എടുത്തിട്ട് അവർക്കു പുനരധിവാസം ഏർപ്പെടുത്തണം. പുനരധിവാസം കൊടുക്കുമെന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇപ്പോൾ പുനരധിവാസത്തെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് സ്കീമിന് 1976-ൽ സർക്കാർ അംഗീകാരം നൽകി. കാമ്പസിനുചുറ്റുമുള്ള 19.42 ഹെക്ടർ സ്ഥലം മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി നീക്കിവച്ചിരുന്നു. എന്നാൽ മെഡിക്കൽ കോളേജ് വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ നീക്കി വച്ചിട്ടുള്ള സ്ഥലങ്ങളിൽ വ്യക്തിഗത അപേക്ഷകളിന്മേൽ ഇളവ് നൽകി കെട്ടിടനിർമ്മാണത്തിന് മുൻകാലങ്ങളിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് വികസനത്തിന് സ്ഥലമേറ്റെടുക്കാത്ത സാഹചര്യത്തിലും സ്വകാര്യ വ്യക്തികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലും ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കീം പരിഷ്ക്കരിക്കുന്നതിന് നഗര- ഗ്രാമാസൂത്രണ വകുപ്പിനെ ചുമതലപ്പെടുത്തി. 20-8-2010-ൽ പ്രസ്തുത സ്കീം പരിഷ്ക്കരിക്കൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 1976-ലെ അംഗീകൃത സ്കീമിൽ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി നിർദ്ദേശിക്കപ്പെട്ടിരുന്ന 19.42 ഹെക്ടർ സ്ഥലത്തിൽനിന്നും 10.28 ഹെക്ടർ സ്ഥലം ഒഴിവാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ സമർപ്പിക്കുന്നതിന് 60 ദിവസം അനുവദിച്ചിരുന്നു. ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചുവരികയാണ്. അതിനുശേഷം മാത്രമേ സ്കീമിന് അന്തിമമായ അംഗീകാരം നൽകുകയുള്ളൂ. മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമില്ലെന്ന വാദം അംഗീകരിക്കാൻ സർക്കാരിന് കഴിയില്ല.

(24) താൽക്കാലിക മദ്യ നിരോധനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : മലപ്പുറം ജില്ലയിൽ എല്ലാവരെയും ഞെട്ടിച്ച മദ്യദുരന്തം ഉണ്ടായപ്പോൾ 27 പേരാണ് കൊല്ലപ്പെട്ടത്. മീഥൈൽ ആൽക്കഹോൾ ആണ് മരണ കാരണം. അതിനെത്തുടർന്ന് തിരൂർ, കുറ്റിപ്പുറം,

LIBRARY ARCHIVES Kerala Legislative Assembly

കാളികാവ്, നെല്ലൂകളിലെ കള്ള് ഷാപ്പുകൾ അടച്ചിട്ടു. വിഷക്കള്ള് വിറ്റ അഞ്ച് ഷാപ്പുകളുടെയും ലൈസൻസ് റദ്ദ് ചെയ്തു. ജനരോഷത്തെത്തുടർന്ന് ജില്ലയിലെ മുഴുവൻ ഷാപ്പുകളും അടച്ചിട്ടു. ഒരു മാസം കഴിഞ്ഞാണ് തുറന്നത്. അൻപത് തെങ്ങും അത് ചെത്താൻ ആവശ്യമായ ജീവനക്കാരും വേണം എന്ന നിബന്ധനയെത്തുടർന്ന് പല ഷാപ്പുകളും തുറക്കാൻ തയ്യാറായില്ല. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ നാല് ഗ്രൂപ്പുകൾ ഉണ്ട്. അതിൽ മൂന്നും നാലും ഗ്രൂപ്പുകൾ അവരുടെ 12 ഷാപ്പുകൾ ഈ നിബന്ധന അനുസരിച്ച് നടത്തിയാൽ നഷ്ടമുണ്ടാകും അല്ലെങ്കിൽ സ്പിരിറ്റ് കടത്തി വിഷക്കള്ള് വിൽക്കാൻ അനുവദിക്കണം എന്നുള്ളതു കൊണ്ട് അവർ തുറക്കാൻ തയ്യാറായില്ല. ഒന്നാം ഗ്രൂപ്പുകാരന്റെ പേരിൽ കേസുള്ളതുകൊണ്ട് തുറന്നില്ല. രണ്ടാം ഗ്രൂപ്പുകാരൻ ഷാപ്പുകൾ തുറക്കാൻ തുടങ്ങിയപ്പോൾ പരപ്പനങ്ങാടിയിൽ യൂത്ത് ലീഗ് കമ്മിറ്റി കോടതിയിൽനിന്ന് സ്റ്റേ വാങ്ങി. അധികം ഷാപ്പുകളും അൻപത് തെങ്ങ് ചെത്താനുള്ളവയല്ല. മിക്ക ഷാപ്പുകളും അനധികൃത വസ്തുക്കൾ ഉപയോഗിച്ചാണ് കള്ളുണ്ടാക്കുന്നത്. ഇവിടെയുള്ള കള്ളുഷാപ്പുകളുടെ നാലിലൊന്നിനുപോലും യഥാർത്ഥ കള്ള് കിട്ടാനില്ല. ബാക്കിയുള്ളവ മുഴുവൻ അനധികൃത സ്പിരിറ്റ് ഉപയോഗിച്ചാണ് ലിക്കറുണ്ടാക്കുന്നത്. അവിടെ താൽക്കാലികമായും ഭാഗികമായും ഒരു മദ്യനിരോധനം നിലനിൽക്കുകയാണ്. ജനരോഷത്തെത്തുടർന്ന് ഷാപ്പുകളൊന്നും തുറന്നിട്ടില്ല. അതുകൊണ്ട് അടച്ചിട്ട ഷാപ്പുകൾ തുറക്കാതിരിക്കണം. ഇനി പുതിയ ലൈസൻസുകൾ കൊടുക്കരുത്. ജോലി നഷ്ടപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നമുണ്ട്. അവരെ പുനരധിവസിപ്പിക്കാൻ ഞങ്ങളും സഹായിക്കാം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മലപ്പുറം മദ്യദുരന്തത്തെത്തുടർന്ന് സർക്കാർ പ്രസ്തുത ജില്ലയിൽ താൽക്കാലിക മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. ദുരന്തത്തെത്തുടർന്ന് പല കള്ള് ഷാപ്പുകളും ലൈസൻസികൾ സ്വയം അടച്ചിടുകയും തുടർന്ന് അവ പ്രവർത്തനരഹിതരായി കിടക്കുകയുമാണ്. ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിൽക്കുന്നതിന് യാതൊരുവിധ നിരോധനവും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. വിൽക്കപ്പെടുന്ന കള്ളിൽ യാതൊരുവിധ കലർപ്പുകളും ഇല്ലെന്ന് ഉറപ്പു വരുത്താൻ കള്ള്ഷാപ്പുകളിൽ പരിശോധന നടത്തുകയും വിൽപ്പനയ്ക്കുവച്ചിരിക്കുന്ന കള്ളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് അത് ശുദ്ധമായ കള്ളാണോ എന്ന് അറിയുന്നതിനുവേണ്ടി രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. കള്ള്ഷാപ്പുകളും പരിസരങ്ങളും സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുകയും കൃത്രിമത്വം നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ലൈസൻസിക്കെതിരെ അബ്കാരി ആക്ട് 57(എ) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ മേഖലയിൽ ബോധവൽക്കരണ പ്രവർത്തനത്തിലൂന്നിയുള്ള മദ്യവർജ്ജനമാണ് സർക്കാരിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly